# Malayala Manorama
# 29 August 2018
# Varapuzha, After Flood

# പുഴകളിൽ വലിയ മീനുകൾ; ആഹ്ലാദവും ആശങ്കയും

വരാപ്പുഴ ● വെള്ളം ഇറങ്ങിയതോടെ വലിയ മീനുകൾ പുഴയിൽ ധാരാളമായെത്തി. പെരിയാറിൽ വരാപ്പുഴ പള്ളിക്കടവ്, ചേരാനല്ലൂർ കടവ്, ചൗക്ക, ബ്ലായിക്കടവ് തുടങ്ങിയ ഭാഗങ്ങളിൽ ഇന്നലെ ചൂണ്ടയിട്ടവർക്കെല്ലാം ചാകരയാണ്. പിരാനയാണു കൂടുതലും കുടുങ്ങിയത്. ചെമ്പല്ലി, കാളാഞ്ചി തുടങ്ങിയവയും ലഭിച്ചു.

പെരിയാറിൽ വ്യാപകമായി നടത്തിയിരുന്ന കൂടു കൃഷിയിലെ മീനുകളെല്ലാം തന്നെ പ്രളയ സമയത്തു പുഴയിലേക്കെത്തി. കൂടുകളും വീപ്പകളും പുഴയിൽ അങ്ങിങ്ങായി ഒഴുകുന്നതും സ്ഥിരം കാഴ്ചയാണ്. ഇടത്തോടുകളിൽ വരെ വലിയ മത്സ്യങ്ങൾ ചൂണ്ടക്കാർക്കു ലഭിക്കുന്നുണ്ട്.

## ആശങ്കയുടെ പുഴയോരം

● ബലമുള്ളതും കൂർത്തതുമായ പല്ലുകളുള്ള പിരാന പുഴയിൽ വ്യാപകമായതു മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ഒരേപോലെ ആശങ്ക ഉളവാക്കിയിട്ടുണ്ട്. പെട്ടെന്നു പെറ്റുപെരുകുന്ന പിരാന കൂട്ടത്തോടെ ആക്രമിച്ചാൽ മരണംവരെ സംഭവിക്കാൻ സാധ്യതയുണ്ട്.

കെട്ടുകളിലും ടാങ്കുകളിലുമായി വളർത്തുന്ന പിരാന പുഴയിൽ വ്യാപകമായാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെ കുറിച്ചു പരിശോധിക്കാനും മുൻകരുതലുകൾ സ്വീകരിക്കാനും അധികൃതർ നടപടി സ്വീകരിക്കണമെന്ന് ആവശ്യം ഉയർന്നിട്ടുണ്ട്.